# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം .526 — 29.06.2015 ൽ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ. ജയിംസ് മാത്യൂ

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന
നിർമ്മാണവും വകുപ്പു മന്ത്രി

2014-15 ലെ പദ്ധതികൾ

| | | |
|---|---|---|
| (എ) | 2015 മാർച്ച് 31 ന് അവസാനിക്കുമ്പോൾ 2014-15 ലെ ബഡ്ജറ്റിൽ അവതരിപ്പിച്ച പദ്ധതികളിൽ എത്രയെണ്ണം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2014-15 ലെ ബഡ്ജറ്റിൽ അവതരിപ്പിച്ച 113-ഓളം പദ്ധതികൾ ഇതിനോടകം തന്നെ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | 2014-15 ലെ ബഡ്ജറ്റിൽ പുതുതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ എത്രയായിരുന്നു; അവയ്ക്ക് വകയിരുത്തപ്പെട്ട തുക എത്ര; | വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിലേയ്ക്കായി 2014-15 ബഡ്ജറ്റിൽ 228-ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയുടെ നടത്തിപ്പിനായി ഏകദേശം 236.16 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | പുതുതായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ 2015 മാർച്ച് 31 നകം പൂർണ്ണമായും നടപ്പിലാക്കിയവ എത്ര; വകയിരുത്തപ്പെട്ട തുകയിൽ യഥാർത്ഥത്തിൽ ട്രഷറിയിൽ നിന്നും ചെലവായ തുക എത്ര എന്നു വ്യക്തമാക്കുമോ? | വകുപ്പു തലവന്മാർ ലഭ്യമാക്കിയ വിവരമനുസരിച്ച് 30-ഓളം പുതിയ പദ്ധതികൾ ഇതിനോടകം തന്നെ പൂർണ്ണമായും നടപ്പിലാക്കി. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പുതിയ പദ്ധതികളുടെ നടത്തിപ്പിനായി ഏകദേശം 110.88 കോടി രൂപ ചെലവായിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ